**DPI/80453/2018-SP(1)**

"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 13.11.2018

**സർക്കുലർ**

വിഷയം:പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലം മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികൾ - പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് വിറ്റു കൊണ്ട് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായം നൽകിയ മാതൃക സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നത് - സംബന്ധിച്ച് സൂചന:-

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികളുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും ഇവ വിറ്റ് കിട്ടിയ പണം ഉപയോഗിച്ച് പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്തതായ വാർത്ത പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ളതാണ്. പൊതുസമൂഹത്തിന്റെയാകെ പ്രശംസ പിടിച്ച് പറ്റുന്ന തരത്തിൽ ഏവർക്കും മാതൃകയാക്കാവുന്ന ഈ പ്രവർത്തനം ഈ പ്രദേശത്തെ സ്കൂൾ കുട്ടികൾ ഏറ്റെടുത്തത് അഭിമാനാർഹമാണ്. അനുകരണീയമായ ഈ മാതൃക സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കികൊണ്ട്, കേരളത്തിന്റെ പുനർനിർമ്മിതിയിൽ കുട്ടികളുടെ ചെറുതല്ലാത്ത ഒരു പങ്ക് ചരിത്രത്തിൽ രേഖപ്പെടുത്തക്ക രീതിയിൽ ഈ പ്രവർത്തനം വ്യാപിപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നു.

കുട്ടികൾ സ്കൂളുകളിൽ നിന്നും അവരുടെ വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ കേരള സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷൻ എന്ന സംഘടനയാണ് സ്കൂളുകളിൽ നിന്നും ഏറ്റെടുത്ത് സംസ്കരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഈ സംഘടന ശേഖരിക്കുന്നതാണ്.

ഈ മാസം 15 മുതൽ 23 വരെ തീയതികളിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ മാതൃകയിൽ വിദ്യാർത്ഥികൾ, സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതും പിന്നീട് ഈ മാസം 24 മുതൽ കേരള സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷൻ പ്രവർത്തകർ വില നൽകിക്കൊണ്ട് സ്കൂളുകളിൽ നിന്നും ഇവ ഏറ്റെടുക്കുന്നതുമായിരിക്കും.

എല്ലാ സ്കൂളുകളിലും ഈ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി ഏകോപിപ്പിച്ച് നടത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തുന്നു. ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ വിഷയത്തിൽ മേൽനോട്ടം വഹിക്കേണ്ടതും ഈ മാസം 30-ന് വൈകിട്ട് 5 മണിക്ക് മുൻപായി ജില്ലകളിൽ നിന്നുള്ള ആദ്യ ഫീഡ് ബാക്ക് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധാനാധ്യാപകർക്കും

നം./എസ്.പി./80453/18/ഡി.പി.ഐ.(2)

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം,തീയതി 13.11.2018

## സർക്കുലർ

വിഷയം : പൊ.വി. - വിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ - പാലിക്കപ്പെടുന്നു എന്നുറപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന : എം(4)/80575/2018/ഡി.പി.ഐ. തീയതി 18.11.2016.

വിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നൽകിയിരുന്നു. തുടർന്ന് നിരന്തരമായ ഓർമ്മപ്പെടുത്തലുകളും ഇതു സംബന്ധമായി ഉണ്ടായിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തെ ചില വിദ്യാലങ്ങളിൽ ഹരിതപെരുമാറ്റച്ചട്ടം കൃത്യമായി പാലിക്കപ്പെടുന്നില്ല എന്നു കാണുന്നു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലേക്കാണ്.

1. സ്കൂളിൽ നടക്കുന്ന യോഗങ്ങളിൽ പ്ലാസ്റ്റിക് കാരിബാഗുകൾ, പ്ലാസ്റ്റിക് കുപ്പികൾ, പേപ്പർ കപ്പുകൾ ഉപയോഗിക്കരുത്. പകരം സ്റ്റീൽ/കുപ്പി ഗ്ലാസുകൾ ഉപയോഗിക്കുക.
2. പ്ലാസ്റ്റിക് റാപ്പറുകളിൽ പൊതിഞ്ഞ ബൊക്കെകൾ ഒഴിവാക്കണം.
3. പൊതുവേദിയിൽ അതിഥികൾക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.
4. പ്ലാസ്റ്റിക്/ഫ്ളെക്സ് ഉപയോഗിച്ചുള്ള ബാനർ/കൊടിതോരണങ്ങൾ പൂർണമായും ഒഴിവാക്കുക.
5. വിദ്യാലയ കോമ്പൗണ്ടിലേക്ക് പ്ലാസ്റ്റിക് കാരി ബാഗുകളോ, പ്ലാസ്റ്റിക് കുപ്പികളോ കൊണ്ടുവരുന്നതിന് അനുവദിക്കരുത്.
6. പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കി പകരം സ്റ്റീൽ ബോട്ടിലുകളിൽ കുടിവെള്ളം കൊണ്ടുവരുന്നതിന് കുട്ടികളെ പ്രേരിപ്പിക്കണം.
7. സ്കൂളിലേയ്ക്ക് ഭക്ഷണപൊതികൾ കൊണ്ടുവരാൻ അനുവദിക്കരുത്. പകരം സ്റ്റീൽകൊണ്ടുള്ള ടിഫിൻ ബോക്സുകൾ ഉപയോഗിക്കണം.
8. ഉപയോഗിച്ച് വലിച്ചെറിയുന്ന തരം പേനകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക.

9. സ്കൂൾ കോമ്പൗണ്ടിൽ ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനുമുള്ള സംവിധാനം ഉറപ്പാക്കണം

10. ടോയ്ലറ്റുകളിൽ എല്ലായ്പ്പോഴും ജലലഭ്യത ഉറപ്പാക്കണം. അതേ സമയം ജലം പാഴാക്കി കളയുന്നില്ലെന്ന് ഉറപ്പുവരുത്തണം. വീടുകളിലും പൊതുസ്ഥലങ്ങളിലും ജലം പാഴാക്കുകയും മലിനമാക്കുകയും ചെയ്യുന്നതിനെതിരെ ആരോഗ്യകരമായ ജല ഉപയോഗ സംസ്കാരം കുട്ടികളിൽ ബോധവല്ക്കരണ പരിപാടികളിലൂടെ വളർത്തിയെടുക്കണം

11. മലിനജലം എങ്ങും കെട്ടിക്കിടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം.

12. ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം.

13. പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നതിനെതിരെ ക്രിയാത്മകമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ശുചിത്വ മിഷൻ, സ്ക്രാപ്പ് മെർച്ചന്റ്സ് അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

(signature)

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**